# MY LORD, MY GOD

***Bulletin Irinjalakuda Diocese***

*P.B. No. 59, Irinjalakuda-680121*

*Phone : 2826830, 2826820*

*Website : www.irinjalakudadiocese.com*

*Book : 32 Volume : 7*

***July 2011***


## ഉള്ളടക്കം


1. ഇടയശബ്ദം ..................... 02
2. കച്ചേരിക്കാര്യങ്ങൾ ..................... 04

3 Priests' Living & Learning Prog. ..................... 05

4 വിജ്ഞാപനം ..................... 10

5 ഇടയലേഖനം - പ്രേഷിതവർഷം ..................... 11

6 പാക്സ് ..................... 17

7 സർക്കുലർ - യുവജനദിനം ..................... 18

8 സഭാവാർത്തകൾ ..................... 23

9 സോഷ്യൽ ആക്ഷൻ ..................... 24

10 മതബോധനം ..................... 25

11 ഫാമിലി അപ്പസ്തോലേറ്റ് ..................... 26

12 Decree - Thiruhrdaya Bhavanam ..................... 27

13 ബ്ലെസ് എ ഹോം ..................... 29

**13 സംഘടനാവാർത്തകൾ**

അവാർഡ് ..................... 31

തിരുബാലസഖ്യം ..................... 32

സെന്റ് പോൾസ് മൈനർ സെമിനാരി ..................... 33

സ്പിരിച്ചാലിറ്റി സെന്റർ ..................... 35

സി.എൽ.എ. ..................... 36

സാൻജോ സദൻ ..................... 36

ബി.എൽ.എം. ധ്യാനകേന്ദ്രം ..................... 37

കരിസ്മാറ്റിക് മൂവ്മെന്റ് ..................... 37

ഫ്രാൻസിസ്കൻ അല്മായ സഭ ..................... 38

നവചൈതന്യ ..................... 38

14 ഇടയന്റെ നാളെകൾ ..................... 39

15 ഇടയന്റെ ഇന്നലെകൾ ..................... 40



# ഇടയശബ്ദം

*പ്രിയ സഹോദരവൈദികരേ, സ്നേഹമുള്ള സമർപ്പിതരേ, വാത്സല്യ അല്മായ സഹോദരരേ,*

വിശ്വാസത്തിന്റെ ആഘോഷമാണ് ആരാധനാക്രമം. ദൈവം ആത്മാവാണ്. ദൈവത്തെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലും ആണ് ആരാധിക്കേണ്ടത്. ആയതിനാൽ ആരാധനാക്രമത്തെക്കുറിച്ച് വത്തിക്കാൻ പ്രമാണരേഖയിൽ നല്കുന്ന നിർവ്വചനം ഇപ്രകാരമാണ്. "ദൈവത്തിന്റെ ജനം പരിശുദ്ധാരൂപിയുടെ ഐക്യത്തിൽ രക്ഷകനും നിത്യപുരോഹിതനുമായ ക്രിസ്തുവിന്റെ ശരീരമെന്ന നിലയിൽ പിതാവായ ദൈവത്തിന് സമർപ്പിക്കുന്ന പരസ്യമായ ആരാധനയാണ്". ആരാധനാക്രമത്തിന്റെ സിരാകേന്ദ്രം വി. കുർബ്ബാനയാണ്. അത് ക്രിസ്തീയ തത്വങ്ങളുടെയെല്ലാം സിരാകേന്ദ്രവും എല്ലാ കർമ്മാനുഷ്ഠാനുങ്ങളുടെയും രത്നചുരുക്കവുമാണ്.

വി. കുർബ്ബാന നമ്മുടെ ജീവിതത്തിന്റെ ശക്തികേന്ദ്രവും നമ്മുടെ അനുഗ്രഹത്തിന്റെ ഉറവിടവുമായിത്തീരണം. ആരാധനാക്രമങ്ങളിൽ പൂർണ്ണവും ബോധപൂർവ്വവും കർമ്മോത്സുകവുമായ രീതിയിൽ ഭാഗഭാക്കുകളാകുവാൻ എല്ലാവരും ശ്രമിക്കണം. ഇതിനായി വത്തിക്കാൻ പ്രമാണരേഖയിൽ (SC) പരാമർശിച്ചിട്ടുള്ള ചില നിർദ്ദേശങ്ങൾ പരിചിന്തനത്തിനായി നല്കുന്നു.

1. തീക്ഷ്ണതയോടും ക്ഷമയോടുംകൂടെ ആരാധനാക്രമത്തെപറ്റി വിശ്വാസികൾക്ക് വ്യാഖ്യാനിച്ച് നല്കുവാൻ ആത്മപാലകർ പരിശ്രമിക്കണം.
2. ആരാധനാകർമ്മങ്ങൾ രഹസ്യാചരങ്ങളല്ല, മറിച്ച് സഭയുടെ ആഘോഷപൂർവ്വമായ ചടങ്ങുകളാണ്. തന്മൂലം അവയുടെ പരികർമ്മം സജീവവും ആഘോഷപൂർവ്വവുമായി നിർവ്വഹിക്കണം.

3. തിരുകർമ്മങ്ങൾ അനുഷ്ഠിക്കുന്ന ഓരോരുത്തരും (പുരോഹിതനോ, അല്മായനോ) ആരാധനാക്രമത്തിന്റെ നിബന്ധനകൾക്കും തിരുകർമ്മത്തിന്റെ സ്വഭാവത്തിനും യോജിക്കും വിധം അവരവരുടെ ഭാഗം പൂർണ്ണമായി നിർവ്വഹിക്കണം.

4. ശുശ്രൂഷികൾ, വായനക്കാർ, കർമ്മവ്യാഖ്യാതാക്കൾ, ഗായകസംഘം എന്നിവർ തിരുകർമ്മങ്ങളാണ് അനുഷ്ഠിക്കുന്നത് എന്ന ബോധത്തോടെ കർമ്മാനുസൃതമായി ആത്മാർത്ഥതയോടും ഭക്തിയോടും ക്രമത്തോടും അച്ചടക്കത്തോടുംകൂടി തങ്ങളുടെ ദൗത്യം നിർവ്വഹിക്കണം.

5. ആരാധനക്രമത്തിലെ ഗീതങ്ങൾ, പ്രാർത്ഥനകൾ, കർമ്മാനുഷ്ഠാനങ്ങൾ, ശാരീരികഭാവങ്ങൾ എന്നിവ കൃത്യമായി പാലിക്കപ്പെടുവാൻ എല്ലാവരും ശ്രമിക്കണം.

6. ആരാധനാക്രമാനുഷ്ഠാനങ്ങളിൽ വ്യക്തിപരമായി കൂട്ടിച്ചേർക്കലുകളും വെട്ടിചുരുക്കലുകളും ഒഴിവാക്കണം.

7. തിരുകർമ്മാനുഷ്ഠാനുങ്ങൾക്ക് ബാഹ്യമായ ക്രമം പാലിക്കുന്നതോടൊപ്പം ആന്തരികചൈതന്യം പ്രകടമാക്കുന്ന വിധത്തിലുള്ള ഉറച്ച വിശ്വാസവും തികഞ്ഞ ധാർമ്മികതയും പാലിക്കണം. ശാരീരികമായ സാന്നിധ്യത്തോടൊപ്പം മനസ്സും ഹൃദയവും സന്നിഹിതമാകുവാനും ശ്രമിക്കണം.

നമ്മുടെ ആരാധനാക്രമപരികർമ്മങ്ങൾ സജീവവും ദൈവികചൈതന്യം ഉളവാകുന്നതുമാകുവാൻ സഭ നല്കുന്ന ഈ നിർദ്ദേശങ്ങൾ പ്രായോഗികമാക്കുവാൻ നമുക്ക് ശ്രമിക്കാം. മാർ തോമാശ്ലീഹായുടെ ദുക്റാന തിരുനാളിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം നേരട്ടെ.

ദൈവാനുഗ്രഹം ആശംസിച്ചുകൊണ്ട്,



ഇരിങ്ങാലക്കുട **മാർ പോളി കണ്ണൂക്കാടൻ**
25. 06. 2011 ഇരിങ്ങാലക്കുട രൂപത
മെത്രാൻ

# കച്ചേരിക്കാര്യങ്ങൾ

1 **തിരുഹൃദയത്തിരുനാൾ**
ജൂലൈ 1 വെള്ളി. അന്നേദിവസം രാത്രി 8 മണിക്ക് നമ്മുടെ എല്ലാ പള്ളികളിലും കൂട്ടമണി അടിക്കുകയും, ആ സമയം എല്ലാ ഭവനങ്ങളിലും സ്ഥാപനങ്ങളിലും തിരുഹൃദയപ്രതിഷ്ഠ നടത്തുകയും വേണം.

2 **ജൂലൈ 3 ഞായർ - ദുക്റാന തിരുന്നാൾ, സീറോമലബാർ സഭാദിനം**
കടമുള്ള ദിവസം. ഭാരതത്തിൽ ക്രിസ്തീയ വിശ്വാസദീപം തെളിയിച്ച നമ്മുടെ പിതാവായ മാർ തോമാശ്ലീഹായെ നമുക്ക് അനുസ്മരിക്കാം. മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായുടെ പ്രവർത്തനങ്ങൾക്കായി വർഷംതോറും ആളൊന്നിന് ഒരു രൂപ വീതം പ്രത്യേകം പിരിവെടുത്ത് രൂപതാ ഫൈനാൻസ് ഓഫീസറെ ഏല്പിക്കേണ്ടതാണ്.

3. **നാമഹേതുക തിരുനാൾ**
**ജൂലൈ 25-ാം** തിയ്യതി **നാമഹേതുക തിരുന്നാളും ജൂലൈ 26-ാം** തിയ്യതി ജന്മദിനവും ആഘോഷിക്കുന്ന **അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവിന്** തിരുനാളിന്റെയും പിറന്നാളിന്റെയും സ്നേഹനിർഭരമായ പ്രാർത്ഥനാശംസകൾ!

4. **ജൂലൈ 8 Presbyterium**
രൂപതയിലെ എല്ലാ വൈദികരും കല്ലേറ്റുംകര PACS-ൽ ഉച്ചയ്ക്ക് 12.30-ന് സമ്മേളിക്കുന്നു. ജൂലൈ 21-ന് മാസധ്യാനവും പ്രസ്ബിറ്റേറിയവും ഉണ്ടായിരിക്കുന്നതല്ല.

5. **ഇന്റേണൽ ഓഡിറ്റിംഗ്**
സംഘടനകളും പ്രസ്ഥാനങ്ങളും സ്ഥാപനങ്ങളും ഇന്റേണൽ ഓഡിറ്റിംഗിനായി കണക്കുകൾ ശരിയാക്കി ഓഡിറ്റർമാരെ വിവരം അറിയിച്ച് ജൂലൈ 31-നു മുൻപ് ഓഡിറ്റിംഗ് പൂർത്തിയാക്കി റിപ്പോർട്ട് കച്ചേരിയിൽ നല്കേണ്ടതാണ്. നിശ്ചിത സമയത്ത് വാർഷിക തെരട്ട് സമർപ്പിക്കാത്തതും ഇന്റേണൽ ഓഡിറ്റിങ്ങ് നടത്താത്തതുമായ സംഘടനകൾക്കും പ്രസ്ഥാനങ്ങൾക്കും രൂപതാവിഹിതത്തിന് അർഹതയുണ്ടാകില്ല

6. **ജൂലൈ 10 - യുവജനദിനം**
യുവജനങ്ങൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുമല്ലോ. അന്നേദിവസം പ്രത്യേകം പിരിവെടുത്ത് രൂപതാ ഫിനാൻസ് ഓഫീസറെ ഏൽപിക്കേണ്ടതാണ്.

**7. ദൈവവിളി രജിസ്റ്റർ**

ദൈവവിളി സ്വീകരിച്ച് പല സ്ഥലങ്ങളിലേയ്ക്കും നമ്മുടെ രൂപതയിൽ നിന്ന് അർത്ഥികളും അർത്ഥിനികളും പോകുന്നുണ്ട്. എന്നാൽ ചിലർ രൂപതയിൽ പേരു രജിസ്റ്റർ ചെയ്യാതെയാണ് പോകുന്നതെന്ന് മനസ്സിലാക്കുന്നു. തന്മൂലം ബന്ധപ്പെട്ട അധികാരികൾക്ക്, പ്രത്യേകിച്ച് സിവിൽ അധികാരികൾക്ക്, രേഖകൾ കൊടുക്കാൻ സാധിക്കാതെ വരുന്നു. അതിനാൽ മാതാപിതാ ക്കന്മാർ പ്രത്യേകം ശ്രദ്ധിക്കുക. ഇക്കാര്യത്തിന് പേരു രജിസ്റ്റർ ചെയ്യാൻ രൂപതാ കാര്യാലയത്തിൽ വരുമ്പോൾ ജനനം, മാമ്മോദീസ, സ്ഥൈര്യലേപനം എന്നിവയുടെ സർട്ടിഫിക്കറ്റുകൾ വികാരിയച്ചനിൽനിന്ന് വാങ്ങി കൊണ്ടുവരാൻ മറക്കരുത്.

**8 ജൂലൈ 28**

വി. അൽഫോൻസാമ്മയുടെ തിരുനാൾ.

**9. പഞ്ചദിന ക്യാമ്പ്**

ഈ വർഷത്തെ പഞ്ചദിന ക്യാമ്പ് ഒന്നാം ബാച്ച് ആഗസ്റ്റ് 29 മുതൽ സെപ്തംബർ 2 വരെയും രണ്ടാം ബാച്ച് സെപ്തംബർ 12 മുതൽ 16 വരെയുമാണ്. ഓരോ ബാച്ചിലും പങ്കെടുക്കേണ്ട അച്ചന്മാരുടെ പേരുകൾ അടുത്ത പേജിൽ കൊടുത്തിട്ടുണ്ട്.

**10 പ്രേഷിത വർഷത്തിന്റെ ഉദ്ഘാടനം**

സീറോമലബാർ സഭയുടെ പ്രേഷിതവർഷം 2011-ന്റെ ഉദ്ഘാടനം കൊടുങ്ങല്ലൂർ സെന്റ് മേരീസ് ഇടവകയിൽ ആഗസ്റ്റ് 21 ഞായറാഴ്ച 10 മണിക്ക് നടത്തപ്പെടുന്നു. അന്നേദിവസം ഉച്ചതിരിഞ്ഞ് കൈക്കാരന്മാരുടെയും കണക്കെഴുത്തുകാരുടെയും സംഗമം പ്രസ്തുത ഇടവകയിൽ ഉണ്ടായിരിക്കുന്നതാണ്.

**11 ആഗസ്റ്റ് 4**

വി. ജോൺ മരിയ വിയാനിയുടെ തിരുന്നാളാഘോഷവും വൈദികസംഗമവും ജൂബിലിയാഘോഷവും കല്ലേറ്റുംകര PACS-ൽ രാവിലെ 10.30-ന് ആരംഭിക്കുന്നു.

**12 മാസധ്യാനം**

ആഗസ്റ്റിലെ മാസധ്യാനം അതാതു ഫൊറോനകളിൽ വച്ചായിരിക്കും.

**13 തിരുഹൃദയഭവനം - IV$^{th}$ Year Formation Centre.**

ആളൂർ ബി.എൽ.എം. സെന്ററിനോടനുബന്ധിച്ച് ജൂൺ 22-ന് തിരുഹൃദയഭവനം സ്ഥാപിതമായിരിക്കുന്നു.

രൂപതാ കാര്യാലയം **ഫാ. വിൻസന്റ് ആലപ്പാട്ട്**
22. 06. 2011 വികാരി ജനറാൾ.

## PRIEST'S LIVING & LEARNING PROGRAMME 2011

AUGUST 29 – SEPTEMBER 2 (I[st] BATCH)

1. V. Rev. Fr. Alappadan Antu
2. Rev. Fr. Alappatt Johnson G.
3. Rev. Fr. Alappatt Joy
4. Rev. Fr. Alappatt Tijo
5. V. Rev. Msgr. Alappatt Vincent
6. Rev. Fr. Alukka Thomas
7. Rev. Fr. Ambooken Cyriac
8. V. Rev. Msgr. Ambooken Davis
9. Rev. Fr. Arikkatt Jose
10. Rev. Fr. Arikkatt Varghese(Jr)
11. Rev. Fr. Arikkatt Varghese (Sr)
12. Rev. Fr. Arimbully Benny
13. Rev. Fr. Athiyunthan James
14. Rev. Fr. Chakkoria Nixon
15. Rev. Fr. Cheenan Bency
16. Rev. Fr. Chenginiyadan Davis
17. Rev. Fr. Cherapanath Pius
18. Rev. Fr. Chirappanath Stephen
19. Rev. Fr. Cheruvathur Joseph
20. Rev. Fr. Chirayath Benjamin
21. V. Rev. Fr. Chirayath Clement
22. Rev. Fr. Chirayath Shaju
23. Rev. Fr. Chittilappilly Antony
24. Rev. Fr. Chittilappilly Ignatius
25. Rev. Fr. Chittilappilly Jose A.
26. Rev. Fr. Chittilappilly Jose K.
27. Rev. Fr. Chittilappilly Joseph V.
28. Rev. Fr. Edattukaran John
29. Rev. Fr. Elamkunnapuzha Thomas
30. V. Rev. Fr. Ezhekadan Sebastian
31. Rev. Fr. Irimpan Seejo
32. Rev. Fr. Kadambatt Luxy
33. Rev. Fr. Kaitharath Jeo
34. Rev. Fr. Kalambanathadathil Sunny
35. Rev. Fr. Kalan George
36. Rev. Fr. Kalappurackal Davis
37. Rev. Fr. Kallingal Davis
38. Rev. Fr. Kanamkudam Jose
39. Rev. Fr. Kandamkulathy George
40. Rev. Fr. Kannampilly Thomas
41. Rev. Fr. Kannampuzha Plogen
42. Rev. Fr. Kannampuzha Sojo
43. Rev. Fr. Karuthy Lijo
44. Rev. Fr. Kattuparambil Titus
45. V. Rev. Msgr. Kavalakkatt Joseph
46. Rev. Fr. Kavil Francis
47. V. Rev. Fr. Kavungal Jose
48. Rev. Fr. Kolenchery Jinoj
49. Rev. Fr. Konthuruthy Varghese Paul
50. Rev. Fr. Koonan Joemon
51. Rev. Fr. Koottala Davis
52. Rev. Fr. Koottala Thomas
53. Rev. Fr. Kozhippatt Binoy
54. Rev. Fr. Kudiyirikkal Davis
55. Rev. Fr. Kudiyirikkal Jaison
56. Rev. Fr. Kunnathuparambil Johny
57. Rev. Fr. Kunnel Jiji
58. V. Rev. Fr. Maliekal Jose
59. Rev. Fr. Maliekkal Davis
60. V. Rev. Fr. Manadan Johnson
61. Rev. Fr. Mangalan Paul
62. Rev. Fr. Maniparambil Jose
63. V. Rev. Fr. Manjaly Jose
64. Rev. Fr. Manjaprakaran Lijo
65. Rev. Fr. Mekkedath Paul
66. Rev. Fr. Menachery Johny
67. Rev. Fr. Menoth Joy
68. V. Rev. Fr. Mukkattukarakkaran Antony

69. Rev. Fr. Nadavaramban Seby
70. Rev. Fr. Nellissery Joy
71. Rev. Fr. Nereparambil Denson
72. Rev. Fr. Padayatty Pauly
73. Rev. Fr. Pakrath Jees
74. Rev. Fr. Palamattam Joji
75. Rev. Fr. Palathingal Varghese
76. V. Rev. Msgr. Palatty Jose
77. Rev. Fr. Palatty Robin
78. Rev. Fr. Paliekara Joshy
79. Rev. Fr. Panadan Anto
80. Rev. Fr. Panikulangara Roy
81. Rev. Fr. Panjikkaran Sebastian
82. Rev. Fr. Panjikkaran Thomas
83. Rev. Fr. Parambeth Antony
84. Rev. Fr. Parassery Anto
85. V. Rev. Fr. Parayil Vincent
86. Rev. Fr. Parekkatt Jaison
87. Rev. Fr. Pareman George
88. Rev. Fr. Pathadan Varghese
89. Rev. Fr. Payyappilly Paul
90. Rev. Fr. Payyappily Sabu
91. Rev. Fr. Pazhayattil Jose
92. Rev. Fr. Pereppadan Wilson
93. Rev. Fr. Pozholiparambil Binoy
94. V, Rev. Fr. Pozholiparambil Jobby
95. Rev. Fr. Pudussery Anil
96. Rev. Fr. Pudussery Antony
97. Rev. Fr. Pudussery Pauly
98. Rev. Fr. Pudussery Suresh
99. Rev. Fr. Pulluparambil Jose
100. Rev. Fr. Puthenveetil Raphael
101. Rev. Fr. Thadikkaran Thomas
102. Rev. Fr. Tharakkal Joy
103. Rev. Fr. Thattil Davis
104. Rev. Fr. Thekkekkara Shaji
105. Rev. Fr. Thekkethala Saneesh
106. Rev. Fr. Thekkineth Arun
107. Rev. Fr. Thoduparambil Jojo
108. Rev. Fr. Thottiyan Jomy
109. Rev. Fr. Thundathil Jijo
110. Rev. Fr. Vadakkepeedika Varghese
111. Rev. Fr. Valiyaveetil Saji
112. Rev. Fr. Valiyaveetil Sebastian
113. Rev. Fr. Vattoly Vineesh
114. Rev. Fr. Vazhappilly Justin
115. Rev. Fr. Vazhappilly Varghese O.
116. Rev. Fr. Velakkanadan Thomas
117. Rev. Fr. Vennattuparambil Jinu
118. Rev. Fr. Vethamattil Jose

## September 12-16 (II$^{nd}$ Batch)

1\. Rev. Fr. Alappatt Anto G.
2 Rev. Fr. Alappatt Sinto
2\. Rev. Fr. Ambadan Raphael
3\. Rev. Fr. Ambooken Jose
4\. V. Rev. Fr. Ambooken Paul A
5\. Rev. Fr. Ambooken Paul C
6\. Rev. Fr. Arikkatt Sebastian
7\. Rev. Fr. Attokkaran Nevin
8\. Rev. Fr. Chakkiath Jijo
9\. V. Rev. Fr. Chalissery Varghese
10\. Rev. Fr. Chalissery Vincent
11\. Rev. Fr. Chembakassery Vincent
12\. Rev. Fr. Cheriekkara Ajith
13\. Rev. Fr. Cheruvathur Benny
14\. Rev. Fr. Cheruvathur Paul
15\. Rev. Fr. Chethalan Andrews
16\. Rev. Fr. Chiramal George
17\. Rev. Fr. Chirayath Francis

18. Rev. Fr. Chirayath Paul
19. Rev. Fr. Chittilappilly Pius
20. Rev. Fr. Chittilappilly Sinto
21. Rev. Fr. Chungath Aji John
22. Rev. Fr. Chungath Anto
23. Rev. Fr. Chungath Ignatius
24. Rev. Fr. Elamkunnapuzha Jaju
25. Rev. Fr. Elamkunnapuzha Kins
26. Rev. Fr. Elamkunnapuzha Paul
27. Rev. Fr. Elemthiruthy Sherens
28. Rev. Fr. Eluvathingal Koonan Wilson
29. Rev. Fr. Erathara Wilson
30. Rev. Fr. Gopuram Joseph
31. Rev. Fr. Irimpan Antony
32. V. Rev. Msgr. Irimpan Jose
33. Rev. Fr. Iyyanam John Paul
34. Rev. Fr. Kachappilly Shaju
35. Rev. Fr. Kadambatt Joy
36. Rev. Fr. Kalaparambath Lijo
37. Rev. Fr. Kallely Joshy
38. Rev. Fr. Kallingal Joji
39. Rev. Fr. Kanamkudam Joseph
40. Rev. Fr. Kanjilassery Sebastian
41. Rev. Fr. Kanjithara Seemon
42. Rev. Fr. Kannookkadan Pauly
43. Rev. Fr. Karathra Renil
44. Rev. Fr. Karippai Anto
45. Rev. Fr. Karippai Jaison
46. Rev. Fr. Karippai Manoj
47. Rev. Fr. Karumalikkal Benny
48. Rev. Fr. Kavalakkatt James
49. Rev. Fr. Kavalakkatt John (Jr)
50. Rev. Fr. Kavalakkatt John (Sr)
51. Rev. Fr. Kizhakkumthala Davis
52. Rev. Fr. Kodiyan Francis
53. Rev. Fr. Kodiyan Rinto
54. Rev. Fr. Kokkatt Joju
55. Rev. Fr. Kolangara Seby
56. Rev. Fr. Komban Siju
57. Rev. Fr. Kongoth Lijo
58. Rev. Fr. Kottackal Sibin
59. Rev. Fr. Kuttikkadan Jojo
60. V. Rev. Fr. Kuttikkadan Lazar
61. Rev. Fr. Kuttikkadan Lindo
62. Rev. Fr. Malakkaran Jino
63. Rev. Fr. Maliekal Andrews
64. Rev. Fr. Maliekal George
65. Rev. Fr. Maliekal Sebastian
66. Rev. Fr. Maliekal Thomas D.
67. Rev. Fr. Maliekal Tom
68. Rev. Fr. Maliekal Varghese
69. Rev. Fr. Mandakath Joseph Sunny
70. Rev. Fr. Mangalan George
71. Rev. Fr. Manjaly Antony
72. Rev. Fr. Menachery Thomas
73. Rev. Fr. Menoth Jijo
74. Rev. Fr. Moolan Raphael
75. Rev. Fr. Nattekkadan Thomas
76. Rev. Fr. Nellissery Shibu
77. Rev. Fr. Nereparambil Binoy
78. Rev. Fr. Palamattam George
79. Rev. Fr. Palathingal Joseph
80. V. Rev. Fr. Paliekkara Joy
81. Rev. Fr. Pallai Nijo
82. Rev. Fr. Pallippatt James
83. Rev. Fr. Panjikkaran Raphael
84. V. Rev. Fr. Panthallukaran Jose
85. Rev. Fr. Parackal Freejo
86. Rev. Fr. Parambath Liju Paul
87. Rev. Fr. Parekkadan Anto
88. Rev. Fr. Pazhayattil Rejoy
89. Rev. Fr. Pellissery Aneesh
90. Rev. Fr. Pereppadan Joy
91. Rev. Fr. Pereppadan Varghese

92. Rev. Fr. Plassery George
93. Rev. Fr. Ponminissery Saji
94. Rev. Fr. Pudussery Thomas
95. Rev. Fr. Pulickan Feby
96. Rev. Fr. Pullockaran Antony
97. V. Rev. Fr. Puthenveetil Joy
98. Rev. Fr. Puthur Shabu
99. Rev. Fr. Pynadath Riju
100. Rev. Fr. Thachil Anto
101. Rev. Fr. Tharayil Johnson
102. Rev. Fr. Thattla Kiran
103. Rev. Fr. Thekkekkara Meleppuram John
104. Rev. Fr. Thekkethala John
105. Rev. Fr. Thekkethala Joseph
106. Rev. Fr. Thekkineth Antony
107. Rev. Fr. Thettayil Varghese
108. V. Rev. Fr. Vadakkan Jolly
109. Rev. Fr. Vadakkumchery Jaison
110. Rev. Fr. Vakaparambil Jijo
111. Rev. Fr. Vazhappilly John
112. Rev. Fr. Vazhappilly Jose U.
113. Rev. Fr. Vazhappilly Rocky
114. Rev. Fr. Vazhappilly Sebastian
115. Rev. Fr. Vezhaparambil George

## കൊടുങ്ങല്ലൂരിൽ സീറോമലബാർ പ്രേഷിതവർഷം (2011 - 2012) ഉദ്ഘാടനം

2010 ആഗസ്റ്റിൽ നടന്ന മെത്രാന്മാരുടെ 18-ാം സിനഡ് (രണ്ടാം സെഷൻ) 2011 ആഗസ്റ്റ് 15 മുതൽ 2012 ആഗസ്റ്റ് 15 വരെ പ്രേഷിതവർഷമായി പ്രഖ്യാപിക്കുവാൻ തീരുമാനിച്ചു. സീറോമലബാർ സഭയുടെ കേരളത്തിനു പുറത്തുള്ള ആദ്യ രൂപതയായ ഛാന്ദായുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ചാണ് പ്രേഷിത വർഷാചരണം വിഭാവനം ചെയ്തിരിക്കുന്നത് "ഭൂമിയുടെ അതിർത്തികൾ വരെയും നിങ്ങൾ എനിക്ക് സാക്ഷികളായിരിക്കും" (അപ്പ. 1:8) എന്ന താണ് പ്രേഷിത വർഷത്തിന്റെ ആപ്തവാക്യം. സഭയുടെ പ്രേഷിതാവബോധത്തെ ഉജ്ജ്വലിപ്പിക്കുക, പ്രേഷിത ദൈവവിളികളെ പ്രോത്സാഹിപ്പിക്കുക, സഭാംഗങ്ങളിൽ പ്രേഷിതതീക്ഷ്ണത ജ്വലിപ്പിക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ. പ്രേഷിത വർഷാചരണ പ്രവർത്തന പരിപാടികൾക്ക് ആരംഭം കുറിക്കുന്നത് ഇരിങ്ങാലക്കുട രൂപതയിലെ കൊടുങ്ങല്ലൂർ സെന്റ് മേരീസ് ദേവാലയ അങ്കണത്തിലാണ്. സീറോമലബാർ സഭയിലെ എല്ലാ മെത്രാന്മാരും മേജർ ആർച്ചുബിഷപ്പിന്റെ നേതൃത്വത്തിൽ 2011 ആഗസ്റ്റ് 21-ന് ഞായറാഴ്ച രാവിലെ 10 മണിക്ക് വി. കുർബാന അർപ്പിക്കും. തുടർന്നുള്ള പൊതുസമ്മേളനത്തിൽ സീറോമലബാർ പ്രേഷിതവർഷാചരണ പ്രവർത്തനപരിപാടികളുടെ ഉദ്ഘാടനം നടത്തപ്പെടുന്നു.

**മോൺ. വിൻസന്റ് ആലപ്പാട്ട്**
വികാരി ജനറാൾ

721/11
25. 06. 11

# വിജ്ഞാപനം

**ദൈവദാസൻ ജോസഫ് വിതയത്തിലച്ചൻ അനുസ്മരണം - ജൂലൈ 23**

പ്രിയ വൈദികരേ, സമർപ്പിതരേ, സഹോദരരേ,

നമ്മുടെ രൂപതയിലെ വൈദികനായിരുന്ന ജോസഫ് വിതയത്തിലച്ചൻ ഒരു നൂറ്റാണ്ടു കാലം ജീവിച്ച് വിവിധ ഇടവകകളിൽ പ്രത്യേകിച്ച് പുത്തൻചിറ പള്ളിയിൽ, അജപാലനധർമ്മം നിർവ്വഹിച്ച് തിരുക്കുടുംബ സന്യാസിനി സമൂഹത്തിന്റെ സ്ഥാപനത്തിൽ വാ. മറിയംത്രേസ്യയോടൊപ്പം നേതൃത്വം നൽകി. പുത്തൻചിറ, കുഴിക്കാട്ടുശ്ശേരി മഠങ്ങളുടെ കപ്ലോനായി ദീർഘകാലം ശുശ്രൂഷ ചെയ്തു. 1964-ൽ ഈ ലോകത്തോട് വിടപറഞ്ഞ ഈ കർമ്മയോഗി പൗരോഹിത്യശുശ്രൂഷയിലൂടെ എങ്ങനെ വിശുദ്ധനാകാം എന്ന് സ്വജീവിതത്തിലൂടെ വ്യക്തമാക്കി. വെല്ലുവിളികൾ നിറഞ്ഞതും അനുഗ്രഹസമ്പന്നവുമായ ദൈവദാസന്റെ ജീവിതം തിരുക്കുടംബസന്യാസിനീ സമൂഹത്തിനു മാത്രമല്ല, വൈദികർക്കും ദൈവജനത്തിനും പ്രചോദനാത്മകമാണ്.

കൃത്യനിഷ്ഠവും ത്യാഗനിർഭരവുമായ പ്രാർത്ഥനയിലൂടെയും ദിവ്യകാരുണ്യത്തോടുള്ള ഹൃദയസമർപ്പണത്തിലൂടെയും ലഭിച്ച ആത്മീയ ശക്തിയാൽ നിറഞ്ഞ് ജാതിമതഭേദമെന്യേ ജനസമൂഹത്തിന്റെ ഉന്നതിക്കു വേണ്ടി അദ്ദേഹം ജീവിതം അർപ്പിച്ചു. വാ. മറിയംത്രേസ്യായെ 24 വർഷം ആത്മീയമായി നയിക്കുകയും കുടുംബപ്രേഷിതത്വത്തോടുള്ള ഉൾക്കാഴ്ചയെ പ്രോത്സാഹിപ്പിക്കുകയും വിശുദ്ധിയിലേക്ക് നയിക്കുകയും ചെയ്ത വിതയത്തിലച്ചനായിരുന്നു വെല്ലുവിളികളെ തരണം ചെയ്ത് മറിയംത്രേസ്യയുടെ മരണശേഷം തിരുക്കുടുംബ സന്യാസിനീ സമൂഹത്തിന് നേതൃത്വം നൽകിയത്. ദൈവദാസൻ വിതയത്തിലച്ചന്റെ ചരമദിനവും വാ. മറിയംത്രേസ്യയുടെ തിരുന്നാളും ഒരേദിവസമായ ജൂൺ 8 ആയതിനാൽ പ്രത്യേക അനുസ്മരണദിനമായി വിതയത്തിലച്ചന്റെ ജന്മദിനമായ ജൂലൈ 23-ന് ആയിരിക്കും തുടർന്നുള്ള വർഷങ്ങളിൽ ആചരിക്കുന്നത്. അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടം വിലയം കൊള്ളുന്ന കുഴിക്കാട്ടുശ്ശേരി മറിയംത്രേസ്യ തീർത്ഥകേന്ദ്രത്തിൽ അന്നേദിവസം അർപ്പിക്കുന്ന അനുസ്മരണബലിയിലും അതിനൊരുക്കമായി 14-ാം തിയ്യതി മുതൽ നടത്തപ്പെടുന്ന പ്രത്യേക പ്രാർത്ഥനകളിലും സംബന്ധിക്കുവാൻ ഏവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

നിങ്ങളുടെ പിതാവ്
**മാർ പോളി കണ്ണൂക്കാടൻ**

NB:- ഈ വിജ്ഞാപനം ജൂലൈ 17-ാം തിയ്യതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

Prot. No. 636/2011

# ഇടയലേഖനം

## പ്രേഷിതവർഷം - സഭാദിനം

***സീറോമലബാർ സഭയുടെ ശ്രേഷ്ഠ മെത്രാപ്പോലീത്താ മാർ ജോർജ്ജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.***

**മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,**

ജൂലൈ 3-ന് നാം നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ ദുക്റാനത്തിരുനാൾ ആചരിക്കുകയാണല്ലോ. "എന്റെ കർത്താവേ, എന്റെ ദൈവമേ" എന്ന് ഉദ്ഘോഷിച്ചുകൊണ്ട് ഈശോയിലും അവിടന്നിലൂടെ കൈവന്ന രക്ഷയിലുമുള്ള വിശ്വാസം ഏറ്റുപറഞ്ഞ തോമ്മാശ്ലീഹാ സ്വന്തം ജീവരക്തം ചൊരിഞ്ഞതിന്റെ ഓർമ്മയാണ് ദുക്റാന. തോമ്മാശ്ലീഹാ ഭാരതമണ്ണിൽ സഭയ്ക്ക് അടിസ്ഥാനമിട്ടു. അതിനാൽ ദുക്റാന ദിവസം സീറോ മലബാർ സഭയുടെ സഭാദിനം കൂടിയായി നാം ആഘോഷിക്കുകയാണ്. സഭ സ്വഭാവത്താൽ തന്നെ മിഷനറിയാണ്, പ്രേഷിതയാണ്, ജീവന്റെ സന്ദേശം പകർന്നുകൊടുക്കാൻ അയയ്ക്കപ്പെട്ടവളാണ്. ഒരു വ്യക്തിഗതസഭയായ സീറോ മലബാർ സഭയുടെയും സ്വഭാവവും ദൗത്യവും അതു തന്നെയാണ്.

ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പ നമ്മുടെ സഭയിലെ അഭിവന്ദ്യപിതാക്കന്മാരെ കാണുമ്പോൾ ആദ്യം പറയുന്നതു നമ്മുടെ സഭയുടെ പ്രേഷിതോന്മുഖതയെക്കുറിച്ചാണ്. പൗരസ്ത്യസഭകളിൽ പ്രേഷിത തീക്ഷ്ണതയിൽ ഏറെ മുന്നിലാണ് സീറോമലബാർ സഭ. ചങ്ങനാശ്ശേരി അതിരൂപതയിൽ നിന്നുള്ള മിഷൻ പ്രവർത്തനം വഴി സഭയിലേക്കുവന്ന വിശ്വാസികൾക്കായി രൂപം കൊണ്ട തക്കല രൂപത നമ്മുടെ സഭയുടെ പ്രേഷിതപ്രവർത്തനത്തിന്റെ ഒന്നാംതരം തെളിവാണ്. ആധുനിക കാലഘട്ടത്തിൽ സീറോമലബാർ സഭയുടെ പ്രേഷിതപ്രവർത്തനം വടക്കേ ഇന്ത്യയിലേക്ക് വ്യാപിക്കുന്നത് 1962-ൽ ഭാഗ്യസ്മരണാർഹനായ ജോൺ 23-ാമൻ മാർപ്പാപ്പയുടെ കല്പനപ്രകാരമാണ്. പരിശുദ്ധ സിംഹാസനം സീറോമലബാർ സഭയെ ആദ്യമായി ഏല്പിച്ച പ്രേഷിതരംഗം ഛാന്ദാ മിഷനാണ്. അത് നാഗ്പൂർ അതിരൂപതയുടെ ഒരു ഭാഗമായിരുന്നു.

നമ്മുടെ സഭയിലെ പ്രഥമ ഏതദ്ദേശീയ സന്യാസസമൂഹമായ സി. എം.ഐ. സഭയാണ് ഛാന്ദാമിഷൻ ഏറ്റെടുത്തു പ്രവർത്തിച്ചത്. അവിഭക്ത ഛാന്ദാമിഷൻ ആരംഭിച്ചിട്ട് 2012-ൽ 50 വർഷം പൂർത്തിയാകുകയാണ്. ഛാന്ദാമിഷന്റെ സുവർണ്ണജൂബിലി എങ്ങനെയാണ് ആചരിക്കേണ്ടത് എന്നതിനെ സംബന്ധിച്ച് സീറോ മലബാർ സഭയിലെ മെത്രാന്മാരുടെ സിനഡ് ചർച്ചകൾ നടത്തുകയുണ്ടായി. ഛാന്ദാമിഷന്റെ സുവർണ്ണജൂബിലി ഒരു മിഷൻ രൂപതയുടെ മാത്രം ജൂബിലി എന്നതിനെക്കാൾ സീറോമലബാർ സഭയുടെ പ്രേഷിതവിളിയെയും ദൗത്യത്തെയും കുറിച്ച് ആഴത്തിൽ ചിന്തിക്കാനും നവോന്മേഷത്തോടെ ഈ ദൗത്യം ഏറ്റെടുക്കാനുമുള്ള ഒരവസരമായിട്ടാണ് സിനഡുപിതാക്കന്മാർ കണ്ടത്. ഇതിൻപ്രകാരം ഛാന്ദാമിഷന്റെ സുവർണ്ണജൂബിലി സീറോ മലബാർ സഭ മുഴുവനിലും 2011 ഓഗസ്റ്റ് 15 മുതൽ 2012 ഓഗസ്റ്റ് 15 വരെ പ്രേഷിതവർഷമായി ആചരിക്കാൻ തീരുമാനിച്ചത് ഇതിനകം നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ (ഡിക്രി – Prot. No: 40/2011).

പ്രേഷിതവർഷത്തിന്റെ പശ്ചാത്തലത്തിൽ നമ്മുടെ സഭയുടെ പ്രേഷിതവിളിയെയും ദൗത്യത്തെയും സംബന്ധിച്ച് പ്രധാനപ്പെട്ട ചില ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കാൻ ഞാനാഗ്രഹിക്കുന്നു. റോമിലും അന്ത്യോക്യായിലുമെല്ലാം സഭ രൂപംകൊണ്ട അതേ കാലഘട്ടത്തിൽ ത്തന്നെ അപ്പസ്തോലനായ തോമ്മാശ്ലീഹായിൽനിന്ന് നമുക്കും വിശ്വാസവെളിച്ചം ലഭിച്ചുവെന്നത് വലിയ ദൈവപരിപാലനയാണ്. 'നമുക്കും അവനോടുകൂടെ പോയി മരിക്കാം' എന്ന ദൃഢനിശ്ചയമാണ് നമ്മുടെ പിതാവായ മാർതോമ്മാശ്ലീഹായെ ഭാരതത്തിലേക്കാനയിച്ചത്. നമ്മുടെ പിതാവിന്റെ ഈ പ്രേഷിതതീക്ഷ്ണത തന്നെയാണ് ഈ കാലഘട്ടത്തിൽ നമ്മെയും നയിക്കേണ്ടത്.

വിദേശാധിപത്യത്തിലൂടെ നമ്മുടെ സഭയുടെ വളർച്ചയ്ക്ക് വളരെയേറെ പ്രതിസന്ധികൾ ഉണ്ടായിട്ടുണ്ട്. മാർതോമ്മാ ക്രിസ്ത്യാനികളുടെ ഭിന്നിപ്പും സഭയുടെ പ്രവർത്തനസ്വാതന്ത്ര്യം കേരളത്തിൽ മാത്രമായി ചുരുക്കിയതും നമ്മുടെ സഭയുടെ വളർച്ചയെയും പ്രേഷിതപ്രവർത്തനത്തെയും ദോഷകരമായി ബാധിച്ചിട്ടുണ്ട്. അതുകൊണ്ടുകൂടിയാണ് 18-ാം നൂറ്റാണ്ടു വരെ പ്രേഷിതമേഖലയിൽ സഭയ്ക്ക് കാര്യമായ സംഭാവനകൾ ചെയ്യാൻ സാധിക്കാതെ പോയത്. 1831-ൽ സി.എം.ഐ സഭയുടെ തുടക്കം സീറോ മലബാർ സഭയുടെ മിഷനറി വളർച്ചയിലെ ഒരു നാഴികക്കല്ലാണ്. 1887 മെയ് 20-ന് സീറോ മലബാർ സഭയ്ക്ക് കൈവന്ന സഭാത്മകമായ പ്രവർത്തന സ്വാതന്ത്ര്യത്തിന്റെ 125-ാം വർഷവും കോട്ടയം രൂപതയുടെ സ്ഥാപനത്തിന്റെ 100-ാം വർഷവും

പ്രേഷിതവർഷത്തോടനുബന്ധിച്ച് ആചരിക്കുന്നതും ഏറെ പ്രസക്തമാണ്. 1923-ൽ സീറോ മലബാർ ഹൈരാർക്കി സ്ഥാപിതമായതോടുകൂടെയാണ് നമ്മുടെ സഭയുടെ വളർച്ചയും പുരോഗതിയും ത്വരിതഗതിയിലായത്. മല ബാറിലേക്കും തമിഴ്നാട്ടിലേക്കും കർണാടകത്തിലേക്കുമുള്ള സീറോ മല ബാർ സഭയുടെ വളർച്ച എത്രയോ വലുതാണെന്ന് ഇന്ന് അവിടെയുള്ള ഒൻപത് രൂപതകൾ (തലശ്ശേരി, മാനന്തവാടി, താമരശ്ശേരി, പാലക്കാട്, തക്കല, ബൽത്തങ്ങാടി, ഭദ്രാവതി, മാണ്ഡ്യ, രാമനാഥപുരം) സാക്ഷ്യ പ്പെടുത്തുന്നു.

ഛാന്ദാമിഷന്റെ സ്ഥാപനത്തെതുടർന്ന് സാഗർ (1968), ഉജ്ജെ യിൻ (1968), സത്ന (1968), ജഗദൽപ്പൂർ (1977), ബിജ്നോർ (1977), രാജ്കോട്ട് (1977), ഗോരഖ്പൂർ (1984), അദിലാബാദ് (1999) രൂപതകൾ സി.എം.ഐ, എം. എസ്. ടി, വിൻസെൻഷ്യൻ, സി. എസ്. ടി എന്നീ സ മൂഹങ്ങളുടെ നേതൃത്വത്തിൽ പ്രവർത്തനനിരതമായി. പ്രവാസികളായ നമ്മുടെ സഭാതനയർക്ക് വേണ്ടി ഇന്ത്യയിൽ കല്യാൺ രൂപതയും (1988) ഇന്ത്യക്ക് പുറത്ത് ഷിക്കാഗോ രൂപതയും (2001) ഉണ്ടായി എന്നത് നമ്മുടെ സഭയുടെ ക്രമാനുഗതമായ വളർച്ചയെയാണ് സൂചിപ്പിക്കുന്നത്.

സീറോമലബാർ സഭയിൽനിന്ന് ഉദയം ചെയ്ത സന്യാസസമൂ ഹങ്ങളുടെയും സെന്റ് തോമസ് മിഷനറി സൊസൈറ്റി പോലെയുള്ള പ്രേഷിതസമൂഹങ്ങളുടെയും സംഭാവന നമ്മുടെ മിഷനറി പ്രവർത്തന ത്തിന് ശക്തിപകർന്നു. 'ഭാരതമേ, നിന്റെ രക്ഷ നിന്റെ സന്താനങ്ങളിൽ' എന്ന ലിയോ പതിമൂന്നാമൻ മാർപ്പാപ്പായുടെ മുദ്രാവാക്യം സീറോ മലബാർ സഭ എത്ര ആത്മാർത്ഥതയോടെണ് സ്വീകരിച്ചത് എന്ന് സഭയുടെ ഇന്നത്തെ ചരിത്രം വ്യക്തമാക്കുന്നു. ഭാരതത്തിനുള്ളിലും വെളി യിലും മിഷൻ പ്രവർത്തനത്തിനു പോകുന്നതിന് ചെറുപുഷ്പമിഷൻലീഗ് പോലുള്ള അല്മായ പ്രസ്ഥാനങ്ങൾ ചെയ്തിട്ടുള്ള ശുശ്രൂഷ എത്രയോ ധന്യമാണ്! ഇന്ന് മിഷനറി ദൈവവിളികൾ ഭാരതസഭയ്ക്കും സാർവ്വത്രിക സഭയ്ക്കും സമ്മാനിക്കുന്ന ഈറ്റില്ലമാണ് നമ്മുടെ സഭ.

സീറോ മലബാർ സഭയിലൂടെ മാത്രമല്ല, നമ്മുടെ സഭയുടെ മക്കൾ പ്രേഷിതപ്രവർത്തനം നടത്തുന്നത്. ഭാരതത്തിലെ ലത്തീൻ സഭയിലും മലങ്കരസഭയിലും നമ്മുടെ നിരവധി സന്താനങ്ങൾ ഭാരതത്തിന്റെ സുവി ശേഷവത്കരണത്തിനായി അക്ഷീണം യത്നിക്കുന്നുണ്ട്. കൂടാതെ ഏഷ്യ , യൂറോപ്പ്, അമേരിക്ക, ലത്തീൻ അമേരിക്ക, ആഫ്രിക്ക, ഓസ്ട്രേലിയാ എന്നീ മിഷൻ രംഗങ്ങളിലും നമ്മുടെ സഭയുടെ തനയർ വളരെ സജീവ രാണ്. ഇവയെല്ലാം ഓർത്ത് ദൈവത്തിനു നന്ദി പറയുവാൻ നന്നായിരി

ദൈവം ഒരുക്കുന്ന അവസരമാണ് ഈ പ്രേഷിതവർഷം.

മിഷനറിപ്രവർത്തനം ഏതാനും വൈദികർക്കും സമർപ്പിതർക്കും വേണ്ടിമാത്രം മാറ്റിവയ്ക്കപ്പെട്ട ശുശ്രൂഷയല്ല. മാമ്മോദീസയിലൂടെ സഭാ ശരീരത്തോടു ചേർക്കപ്പെടുന്ന ഓരോ ക്രിസ്ത്യാനിയും ഈശോയുടെ ശിഷ്യന്മാരെപ്പോലെ അയയ്ക്കപ്പെട്ട വ്യക്തി കൂടിയാണ് (യോഹ 3:16, മർക്കോ 3:14-16, മർക്കോ 16:15, മത്താ 28:19, ലൂക്കാ 26: 46-49, യോഹ 20:21, നട 1:8). അതുകൊണ്ടാണ് സഭ പ്രകൃത്യാ പ്രേഷിതയാണെന്നു പറയുന്നത് (LG 17, AG 2, 9, 23). സഭ വിളിക്കപ്പെട്ടിരിക്കുന്നത് അയയ്ക്കപ്പെടാൻ വേണ്ടിയാണ്. മിഷനറി ദൗത്യം നിർവ്വഹിക്കാത്ത ക്രിസ്തുശിഷ്യർ കായ്ക്കാത്ത അത്തിമരങ്ങൾ പോലെയാണ്. സഭാഗാത്രത്തെ പടുത്തുയർത്തുന്നവരാണ് യഥാർത്ഥ ക്രൈസ്തവർ എന്ന കാര്യം മറക്കാതിരിക്കാം.

സ്വന്തം ജീവിതം സുവിശേഷത്തിന്റെ സാക്ഷ്യമാക്കിക്കൊണ്ടാണ് ക്രൈസ്തവർ അടിസ്ഥാനപരമായി മിഷനറിമാരാകേണ്ടത്. നമ്മുടെ ജീവിതം പീഠത്തിന്മേൽ വയ്ക്കപ്പെട്ട വിളക്കുപോലെയാകണം. സ്വന്തം ജീവിതാവസ്ഥയനുസരിച്ച് ജീവിതസാഹചര്യങ്ങളിൽ ക്രിസ്തുവിന് സാക്ഷികളാകുന്നതാണ് സുവിശേഷത്തിന്റെ ആധികാരികമായ പ്രഘോഷണം. ഓരോ കുടുംബവും അങ്ങനെ പ്രേഷിതമുന്നേറ്റത്തിന്റെ ശക്തമായ വയലേലയായി മാറട്ടെ. ഓരോ കുടുംബവും ഗാർഹികസഭയാണ്. മക്കളെ വിശ്വാസമൂല്യങ്ങളിലും സഭാപൈതൃകങ്ങളിലും സഭാസ്നേഹത്തിലും വളർത്തുവാൻ മാതാപിതാക്കൾക്ക് കടമയുണ്ട്. അവരതു നിർവ്വഹിക്കുമ്പോൾ കുടുംബങ്ങളിൽ പ്രേഷിതോന്മുഖതയുണ്ടാകും, പ്രേഷിതദൈവവിളിക്കുള്ള അന്തരീക്ഷം ഉണ്ടാകുകയും ചെയ്യും.

മിഷൻ പ്രവർത്തനം നിരവധിയായ വെല്ലുവിളികളെ നേരിട്ടുകൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. ഏറ്റവും കഠിനമായ വെല്ലുവിളി നമ്മുടെ സഭയിലും ദൈവവിളികൾ കുറയുന്നുവെന്നതാണ്. ഈ സ്ഥിതിവിശേഷത്തിന് കാരണമാകുന്നത് കുടുംബങ്ങളിലെ വിശ്വാസത്തകർച്ച, പ്രാർത്ഥനാജീവിതത്തിന്റെ അഭാവം, മക്കളുടെ എണ്ണക്കുറവ്, സമർപ്പിതരെക്കുറിച്ചുള്ള നിഷേധാത്മകമായ വിമർശനങ്ങൾ, മിഷനറിമാർ നേരിടുന്ന പ്രതിസന്ധികളെ ഭയന്ന് പിന്മാറാനുള്ള പ്രവണത മുതലായവയാണ്. ഇവയെല്ലാം നാം എങ്ങനെ പരിഹരിക്കുമെന്നതിനെ ആശ്രയിച്ചിരിക്കും പ്രേഷിതപ്രവർത്തനത്തിന്റെ മുന്നോട്ടുള്ള ഗതി.

നമ്മുടെ സഭയുടെ പ്രതിനിധികളായി മിഷൻ രംഗത്ത് ജോലി ചെയ്യുന്നവരെ ഏറെ ആദരവോടും അഭിമാനത്തോടും കൂടെ സ്വീകരി

ക്കാനും പ്രോത്സാഹിപ്പിക്കാനും നമുക്ക് കഴിയണം. അവർ അവധിക്കാലങ്ങളിൽ വരുമ്പോൾ നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും സമൂഹങ്ങളിലും സ്ഥാപനങ്ങളിലും അവരെ സ്വീകരിക്കാനും ആദരിക്കാനും അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കാനും അവസരങ്ങൾ ഒരുക്കണം. അവർക്ക് നല്കുന്ന പ്രോത്സാഹനം പുതിയ തലമുറയ്ക്ക് അവരെ പിന്തുടരാൻ പ്രചോദനമാകും. കേരളത്തിലെ സീറോ മലബാർ രൂപതകൾ മാതൃസഭ എന്ന നിലയിൽ മിഷനെ ആളുകൊണ്ടും അർത്ഥം കൊണ്ടും സഹായിക്കേണ്ടതുണ്ട്. നമ്മുടെ സഭയിലെ പള്ളികളും സ്ഥാപനങ്ങളും വ്യക്തികളും കുടുംബങ്ങളും കേരളത്തിനു പുറത്തുള്ള മിഷൻ പ്രദേശങ്ങളെ ദത്തെടുക്കാനും പ്രാർത്ഥന, പരിത്യാഗങ്ങൾ, സമ്പത്ത് എന്നിവ കൊണ്ടു പ്രോത്സാഹിപ്പിക്കാനും മുന്നോട്ട് വരണം. നമ്മുടെ മിഷനറിമാർ പ്രവർത്തിക്കുന്ന സ്ഥലങ്ങളിലേക്ക് ഇടവകകളിൽനിന്നും പ്രസ്ഥാനങ്ങളിൽനിന്നും മിഷനറിയാത്ര നടത്തുന്നത് നല്ലതാണ്. അവരുടെ പ്രവർത്തനം നേരിട്ടു കാണുകയും അവരുടെ ആവശ്യങ്ങളും അവശതകളും മനസ്സിലാക്കുകയും ചെയ്യുന്നത് അവരെ പ്രോത്സാഹിപ്പിക്കാൻ പ്രേരണയാകുമല്ലോ. അതുപോലെതന്നെ മിഷൻ രംഗത്തുള്ള ജനങ്ങളെ നമ്മുടെ നാട്ടിലേക്കും കുടുംബങ്ങളിലേക്കും സന്ദർശകരായി സ്വീകരിക്കുന്നത് അവർക്ക് മാതൃസഭയുടെ വിശ്വാസശൈലി നേരിട്ട് അനുഭവിക്കാനും ആഴപ്പെടാനും സഹായകമാകും.

പ്രേഷിതവർഷത്തിന്റെ ചില പരിപാടികളെക്കുറിച്ചുകൂടി പറഞ്ഞുകൊള്ളട്ടെ. രൂപതാതല ഉദ്ഘാടനം അതതു രൂപതകളിൽ വച്ചാണ് നടത്തേണ്ടത്. 2011 ഓഗസ്റ്റ് 15-ാം തീയതി എല്ലാ ഭദ്രാസനദേവാലയങ്ങളിലും രൂപതാധ്യക്ഷന്റെ നേതൃത്വത്തിൽ ആഘോഷപൂർവകമായ വിശുദ്ധ കുർബാനയോടുകൂടെയാണ് പ്രേഷിതവർഷം ഉദ്ഘാടനം ചെയ്യേണ്ടത്. എല്ലാ കത്തീഡ്രലുകളിലും ഇതോടനുബന്ധിച്ച് പ്രേഷിതവർഷദീപം തെളിക്കണം. ഓരോ ഇടവകയിലും എല്ലാ സ്ഥാപനങ്ങളിലും പ്രേഷിതവർഷം അർത്ഥവത്തായ വിധത്തിൽ ഉദ്ഘാടനം ചെയ്യാൻ രൂപതകൾ ആവശ്യമായ നിർദ്ദേശങ്ങൾ നല്കുമല്ലോ.

2011 ഓഗസ്റ്റ് 21-ാം തീയതി ഞായറാഴ്ച നമ്മുടെ പിതാവായ മാർതോമ്മാശ്ലീഹായുടെ ആഗമനം കൊണ്ട് പവിത്രമായ കൊടുങ്ങല്ലൂരിലെ അഴീക്കോടുള്ള മാർതോമ്മാ തീർത്ഥകേന്ദ്രത്തിൽ വച്ച് നമ്മുടെ എല്ലാ അഭിവന്ദ്യപിതാക്കന്മാരുടെയും കാർമ്മികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുന്നുണ്ട്. ഇതിനു വേണ്ട നേതൃത്വവും ക്രമീകരണവും ഇരിങ്ങാലക്കുട രൂപതയാണ് നിർവഹിക്കുന്നത്. തദവസരത്തിൽ നമ്മുടെ എല്ലാ രൂപതകളിൽനിന്നും പ്രതിനിധികളെ അയയ്ക്കുന്നത്

ക്കും. പ്രേഷിതവർഷത്തോടനുബന്ധിച്ചുള്ള കർമ്മപരിപാടികൾക്ക് രൂപം കൊടുക്കാനും നടപ്പാക്കാനും സുവിശേഷവത്കരണത്തിനും പ്രവാസികളുടെ ശുശ്രൂഷയ്ക്കും വേണ്ടിയുള്ള മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ കമ്മീഷനെയാണ് ഭരമേല്പിച്ചിരിക്കുന്നത്. ഈ കമ്മീഷന്റെ ചുമതല വഹിക്കുന്ന മൂന്ന് അഭിവന്ദ്യ പിതാക്കന്മാരുണ്ട്. അവരെ കൂടാതെ സിനഡ് തെരഞ്ഞെടുത്ത മറ്റ് രണ്ടു പിതാക്കന്മാരും എല്ലാ രൂപതകളിൽനിന്നും സന്യാസസമൂഹങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടവരും ഉൾക്കൊള്ളുന്ന ഒരു സെൻട്രൽ കമ്മിറ്റിയുമുണ്ട്. ഈ കമ്മിറ്റി വഴി ലഭിക്കുന്ന കർമ്മപദ്ധതികളും മറ്റു നിർദ്ദേശങ്ങളും നാമെല്ലാവരും സ്വീകരിച്ച് നടപ്പാക്കിയാലേ പ്രേഷിതവർഷം വിജയിക്കുകയുള്ളൂ. മിഷനറിമാരുടെ സംഗമങ്ങൾ, അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കൽ, പ്രേഷിതപ്രവർത്തനത്തെ സംബന്ധിച്ചുള്ള ബോധവത്കരണ പഠനക്കളരികൾ, ധ്യാനം, സെമിനാറുകൾ, മിഷൻ ക്വിസ്, ചർച്ചകൾ, ഉപന്യാസമത്സരം, മിഷൻപ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനു ഫണ്ട് സ്വരൂപിക്കൽ എന്നിവ പ്രേഷിതവർഷ കർമ്മപരിപാടികളുടെ ഭാഗമായി നടപ്പാക്കാൻ ഇടവകതലത്തിലും രൂപതാതലത്തിലും പരിശ്രമിക്കേണ്ടതാണ്. ഈ പരിപാടികളെല്ലാം ആത്യന്തികമായി ലക്ഷ്യം വയ്ക്കുന്നത് പ്രേഷിതചൈതന്യത്തെ ഉണർത്തികൊണ്ടുള്ള സഭയുടെ ആത്മീയനവീകരണം തന്നെയായിരിക്കണം.

മിശിഹായിൽ ഏറ്റവും പ്രിയപ്പെട്ട സഹോദരങ്ങളേ, ഈശോയാണ് ഏറ്റവും വലിയ മിഷനറി. പിതാവിന്റെ സ്നേഹം നമ്മെ അറിയിക്കാനും ആ സ്നേഹത്തിലേക്ക് നമ്മെ ക്ഷണിക്കാനും അയയ്ക്കപ്പെട്ട മിഷനറിയായിരുന്നു ഈശോ (യോഹ 3:16). ഈശോയുടെ പ്രേഷിതദൗത്യത്തിൽ സഹകരിക്കാനും അവിടത്തെ ദൗത്യം തുടരാനുമാണ് ഈശോ അപ്പസ്തോലൻമാരെ വിളിച്ചത് (മർക്കോ 3:14-16). ഈശോ അവരെ ഭരമേല്പിച്ച മൗലികമായ ഉത്തരവാദിത്വം സുവിശേഷം പ്രസംഗിക്കുകയും (മാർക്കോ 16:15) വിശ്വസിക്കുന്നവരെ ശിഷ്യപ്പെടുത്തി സഭ സ്ഥാപിക്കുകയും ചെയ്യുകയെന്നതാണ് (മത്താ 28:19, ലൂക്കാ 26: 24:46 -49, യോഹ 20:21, നട 1:8). ഈ ഉത്തരവാദിത്വം നമ്മുടെ കാലഘട്ടത്തിലും സാഹചര്യങ്ങളിലും തുടരാൻ നാം നടത്തുന്ന ശുശ്രൂഷകളാണ് പ്രേഷിതപ്രവർത്തനം. നമ്മുടെ വിശ്വാസത്തോടുള്ള കടപ്പാടിൽനിന്നും കൃതജ്ഞതയിൽനിന്നുമാണ് അതു ഉണ്ടാകേണ്ടത്. സീറോ മലബാർ സഭ പ്രേഷിതരംഗങ്ങളിൽ ചെയ്തിട്ടുള്ളതും ചെയ്യുന്നതുമായ എല്ലാ ശുശ്രൂഷകളെയും ഓർത്ത് ഈ വർഷത്തിൽ നമുക്ക് ദൈവത്തിനു പ്രത്യേകം നന്ദിയർപ്പിക്കാം. പ്രേഷിതവർഷം നമ്മുടെ സഭയിൽ ആവേശോജ്ജ്വല

മായ ഒരു പുതിയ പന്തക്കുസ്തായ്ക്ക് തുടക്കം കുറിക്കാൻ കാരണമാകട്ടെ. പ്രാർത്ഥനകൊണ്ടും സമ്പത്തുകൊണ്ടും ജീവിതസാക്ഷ്യം കൊണ്ടും മിഷൻ പ്രവർത്തനത്തെ കൂടുതൽ സജീവമാക്കാൻ നമുക്ക് നമ്മെത്തന്നെ സമർപ്പിക്കാം. അതോടൊപ്പം സഭയുടെ വിവിധ പ്രവർത്തനങ്ങൾക്കായി സഭാദിനത്തോടനുബന്ധിച്ച് നടത്തുന്ന സാമ്പത്തിക സമാഹരണത്തിൽ എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

എല്ലാവർക്കും ദുക്റാനത്തിരുനാളിന്റെ ആശംസകൾ! മാർത്തോമ്മാശ്ലീഹായുടെ പ്രേഷിതചൈതന്യം പ്രേഷിതവർഷാചരണത്തിലൂടെ എല്ലാവരിലും നിറയട്ടെ. പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർ തോമ്മാശ്ലീഹായുടെയും വിശുദ്ധ അൽഫോൻസാമ്മയുടെയും മാദ്ധ്യസ്ഥ്യം നിങ്ങൾക്കേവർക്കും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും + നാമത്തിൽ ഞാൻ നിങ്ങളെ ആശീർവദിക്കുന്നു.

**+ ജോർജ്ജ് ആലഞ്ചേരി**
സീറോ-മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്.

---

N.B : ഈ ഇടയലേഖനം ജൂലൈ 3-ാം തിയ്യതി ഞായറാഴ്ച വി. കുർബ്ബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

---

## പാക്സ്

1 **പ്രീ - കാന :** ജൂലായ് 18, 19, 20; 25, 26, 27
ആഗസ്റ്റ് 1, 2, 3; 8, 9, 10; 15, 16, 17

2 **പോസ്റ്റ് കാന :** ജൂലായ് 8, 9, ആഗസ്റ്റ് 12, 13

3 **തിയോളജി കോഴ്സ് :** ജൂൺ 4, 11, 18

4 **വൈദികരുടെ ധ്യാനം - മൂന്നാം ബാച്ച് :** ജൂലൈ 4-8

6 **പ്രോ-ലൈഫ് നാഷണൽ സെമിനാർ :** ജൂലൈ 9-10

7 **ഡോൺബോസ്കോ സ്റ്റേറ്റ് ടെന്നീസ് മത്സരം :** ജൂലൈ 15-17

8 **സി.എൽ.എ. സെമിനാർ :** ജൂലൈ 17

**ഫാ. ജോയ് നെല്ലിശ്ശേരി**
ഡയറക്ടർ

# യുവജനദിനം 2011

## കെ.സി.ബി.സി. യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

വാത്സല്യമുള്ള യുവജനസുഹൃത്തുക്കളേ, വന്ദ്യവൈദികരേ, സന്യസ്തരേ, പ്രിയ സഹോദരരേ,

മാർതോമ്മാശ്ലീഹായുടെ ദുക്റാന തിരുനാൾ കഴിഞ്ഞുവരുന്ന ഞായറാഴ്ച - ഇക്കൊല്ലം ജൂലൈ 10-ന് ആണല്ലോ കേരളസഭ യുവജനദിനമായി ആചരിക്കുന്നത്. വിശ്വാസതീക്ഷ്ണതയിൽ വളരുന്നതിനും ആ വിശ്വാസം മറ്റുള്ളവരിലേക്ക്, പ്രത്യേകിച്ച്, സമപ്രായക്കാരിലേക്ക് കൈമാറുന്നതിനുമുള്ള ഉത്തരവാദിത്വം യുവജനങ്ങളിൽ ജനിപ്പിക്കുകയാണ് യുവജനദിനത്തിന്റെ ഒരു വലിയ ലക്ഷ്യം. ആഗോളസഭ നവസുവിശേവത്കരണത്തെക്കുറിച്ചു ഗൗരവപൂർവം ചിന്തിക്കുന്ന പശ്ചാത്തലത്തിൽ അതിനേറെ പ്രസക്തിയുണ്ട്.

ഈ ആഗസ്റ്റ് മാസത്തിൽ സ്പെയിനിലെ മാഡ്രിഡിൽ വച്ചുനടക്കുന്ന 26-ാം ലോകയുവജനദിനത്തിന്റെ മുഖ്യ വിഷയമായി പരിശുദ്ധ പിതാവ് ബനഡിക്റ്റ് പതിനാറാമൻ മാർപ്പാപ്പ തിരഞ്ഞെടുത്തിരിക്കുന്നത് "യേശുക്രിസ്തുവിൽ വേരുറപ്പിക്കപ്പെട്ടും പണിതുയർത്തപ്പെട്ടും നിങ്ങൾ സ്വീകരിച്ച വിശ്വാസത്തിൽ ദൃഢത പ്രാപിക്കുവിൻ" (കൊളോ. 2:7) എന്നതാണ്. ദൈവത്തിൽ ശരണപ്പെട്ട് ദൈവവചനത്തിൽ വീടുപണിത വിശുദ്ധരുടെ ജീവിതമാതൃക അനുകരിച്ച് ക്രിസ്തുവിൽ ആഴപ്പെടാൻ പരിശുദ്ധ പിതാവ് യുവജനങ്ങളെ ആഹ്വാനം ചെയ്യുന്നു. ആഴത്തിൽ അടിത്തറയിട്ടാലേ ഉറപ്പുള്ള സൗധം പണിതുയർത്താനാകൂ എന്നതു സുവിദിതമാണല്ലോ. ദൈവത്തിന്റെ വിളികേട്ട് അതിനോട് പ്രത്യുത്തരിക്കുന്നതുവഴിയാണു നല്ല അടിത്തറ ഇടുന്നതും നന്നായി പണിയുന്നതുമെന്ന കാര്യം യുവജനങ്ങൾക്കു നല്ല ബോധ്യം ഉണ്ടായിരിക്കണം.

2012 ഒക്ടോബർ 7 മുതൽ 28 വരെ റോമിൽ ചേരുന്ന മെത്രാന്മാരുടെ സിനഡിന്റെ വിഷയം 'ക്രൈസ്തവ വിശ്വാസകൈമാറ്റത്തിനു നവസുവിശേഷവത്കരണം' എന്നതാണ്. യുവജനങ്ങൾ സിനഡിന്റെ ചർച്ചാവിഷയമായ മാർഗ്ഗരേഖ പഠിക്കുകയും കേരളത്തിന്റെ പശ്ചാത്തലത്തിൽ എന്തു ചെയ്യാനാവുമെന്നു ചർച്ചചെയ്തു തീരുമാനങ്ങൾ എടുക്കുകയും അവ പ്രാവർത്തികമാക്കുകയും ചെയ്താൽ അതു വലിയ നന്മകൾ പുറപ്പെടുവിക്കും.

ക്രൈസ്തവസമൂഹം തന്നെയാണ് നവസുവിശേഷവത്കരണത്തിന്റെ ലക്ഷ്യം. സുവിശേഷമൂല്യങ്ങൾക്കനുസരിച്ചുള്ള ജീവിതത്തിനു വന്നിരിക്കുന്ന ശോഷണം തിരുത്താനുള്ള ശ്രമമാണു മുഖ്യമായും നമു

ക്കുണ്ടാകേണ്ടത്. ആദിമ ചൈതന്യത്തിലേക്കുള്ള തിരിച്ചു പോകൽ അതിന് അത്യന്താപേക്ഷിതമാണ്. മാറിവരുന്ന സാഹചര്യങ്ങളോടും അവസ്ഥകളോടും പ്രത്യുത്തരിക്കാനും പുതിയ വഴികൾ വെട്ടിത്തുറക്കാനുമുള്ള ധീരതയും വേണം. ആത്മീയശക്തികൊണ്ട് നിറഞ്ഞ യുവജനങ്ങൾക്കതു സാധിക്കും. സുവിശേഷം വായിച്ച് അതു ജീവിതത്തിൽ പകർത്താൻ യുവജനങ്ങൾ സന്നദ്ധരാകണം. അങ്ങനെ സുവിശേഷത്തിനു ധീരമായി സാക്ഷ്യം നല്കാൻ പ്രിയ യുവസുഹൃത്തുക്കളേ, നിങ്ങൾക്കു കഴിയട്ടെ.

സമൂഹം, സംസ്കാരം, സാമ്പത്തികം, പൗരജീവിതം, രാഷ്ട്രീയം, മാധ്യമങ്ങൾ, ശാസ്ത്രം, സാങ്കേതികവിദ്യ എന്നീ രംഗങ്ങളിൽ സുവിശേഷമൂല്യങ്ങൾ - അവ യഥാർത്ഥ മാനുഷികമൂല്യങ്ങൾ തന്നെയാണ് - സംക്രമിപ്പിക്കുന്നതിനുള്ള കർമ്മപദ്ധതി തയ്യാറാക്കാൻ കഴിയുക ഇന്നു പ്രധാനപ്പെട്ട കാര്യമാണ്. സജീവവും ജീവദായകവുമായ സുവിശേഷ സന്ദേശങ്ങൾ എങ്ങും എത്തണം. മതവിരുദ്ധവും സഭാവിരുദ്ധവുമായ സന്ദേശങ്ങൾ വഴി മനുഷ്യന്റെ മനസ്സാക്ഷിയിൽ നിന്നു ദൈവത്തെ പൂർണ്ണമായോ ഭാഗികമായോ ഒഴിവാക്കുവാൻ പ്രേരിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടക്കുന്നു.

ആഗോളീകരണം നിരവധി നന്മകൾ മനുഷ്യസമൂഹത്തിന് നല്കിയിട്ടുണ്ട്. പക്ഷേ, അവയോടൊപ്പമോ അവയേക്കാളേറെയോ ദോഷങ്ങളും അതു വരുത്തിവയ്ക്കുന്നുണ്ട്. മനുഷ്യൻ കേവലം ഭൗതികജീവി യാണെന്നും ഉപഭോഗമാണ് മനുഷ്യജീവിതത്തിലെ ഏറ്റവും മഹത്തായ കാര്യമെന്നുമുള്ള വ്യാജമാണ് എങ്ങും പ്രചരിപ്പിക്കുന്നത്. മാധ്യമങ്ങൾ അതിനു വഹിക്കുന്ന പങ്കു വലുതാണ്. യുവജനങ്ങൾ വേഗം ഉപഭോഗസംസ്കാരത്തിന് അടിമപ്പെടുകയും ചെയ്യുന്നു. അത്യധികം ആഗ്രഹത്തോടെ അന്വേഷിക്കപ്പെടുന്ന ഭൗതികക്ഷേമവും സുഖാസ്വാദനവും അവരുടെ ജീവിതാദർശമായിത്തീരുന്നു. അത് എങ്ങനെയും എന്തുവില കൊടുത്തും നേടാൻ ശ്രമിക്കുന്നു. പരിത്യാഗം ആവശ്യപ്പെടുന്നതെന്തും ഒഴിവാക്കാൻ ഇടയാകുന്നു. ആദ്ധ്യാത്മികവും മതപരവുമായ മൂല്യങ്ങളുടെ അന്വേഷണത്തെയും പരിശീലനത്തെയും തള്ളിക്കളയാനും ഇടയാകുന്നു (മൂന്നാം സഹസ്രാബ്ദത്തിലേക്ക്-58). ഇവിടെയാണ് പരിശുദ്ധ പിതാവ് മുന്നോട്ടു വയ്ക്കുന്ന നവസുവിശേഷവത്കരണം കൂടുതൽ പ്രസക്തമായിരിക്കുന്നത്; യുവജനങ്ങളുടെ ശ്രദ്ധ ഇതിലേക്ക് തിരിയേണ്ടതിന്റെ പ്രാധാന്യവും ഇവിടെ വ്യക്തമാകുന്നുണ്ട്.

ശാസ്ത്രസാങ്കേതിക രംഗത്തുണ്ടായിട്ടുള്ള വളർച്ചയും നാം ശ്രദ്ധിക്കണം. അതു മാനവരാശിക്ക് നല്കിയിട്ടുള്ള സംഭാവനകൾ വലു

താണ്. എന്നാൽ അവയുടെ ഫലങ്ങൾ ആനുപാതികമായി എല്ലാവർക്കും ലഭിക്കുന്നില്ല. ഭരണരംഗത്തും മറ്റു പല രംഗങ്ങളിലും അഴിമതിയുടെ അഴിഞ്ഞാട്ടം സംഭവിക്കുന്നു. അതിനാൽ അഴിമതിയും അധാർമ്മികതയും ഇല്ലായ്മ ചെയ്യാൻ യുവജനങ്ങൾ മുന്നിട്ടിറങ്ങണം.

നവസുവിശേഷവത്കരണത്തിന് നേതൃത്വം നല്കേണ്ടത് യുവജനങ്ങൾ തന്നെയാണ്. യുവജനങ്ങളെ സഭയുടെ അജപാലന താത്പര്യത്തിന്റെ ഒരു വിഷയം മാത്രമായി കരുതിയാൽ പോരാ, മറിച്ച് അവരെ സഭയുടെ സുവിശേഷവത്കരണത്തിന്റെ നടുനായകരായും കരുതണം. അവർ സമൂഹനവീകരണത്തിൽ ഭാഗഭാക്കുകളാകണം ( cf. അത്മായ വിശ്വാസികൾ-46). എല്ലാ മനുഷ്യരുടെയും സമഗ്ര വളർച്ച ലക്ഷ്യം വച്ച് പ്രവർത്തിക്കാനാണു യുവജനങ്ങൾ മുന്നോട്ട് വരേണ്ടത്. ദാരിദ്ര്യ നിർമ്മാർജ്ജനം, സകലർക്കും വിദ്യാഭ്യാസം, എല്ലാവർക്കും ആരോഗ്യരക്ഷ, പരിസ്ഥിതി സംരക്ഷണം എന്നിവയ്ക്കായി അവർ പ്രവർത്തി ക്കണം. അനീതി, വിഭാഗീയചിന്ത, അക്രമം, വർഗീയത എന്നിവയ്ക്കെതിരെ പ്രതിരോധം തീർക്കേണ്ടതും യുവജനങ്ങളുടെ ദൗത്യം തന്നെയാണ്. ബഹുസ്വരതയുള്ള നമ്മുടെ നാട്ടിൽ മതങ്ങളും ജനസമൂഹ ങ്ങളും തമ്മിൽ സഹകരണവും സംഭാഷണവും മൈത്രിയും വളർത്താൻ സാധിക്കുന്നതും വിശാലവീക്ഷണം കൈമുതലായുള്ള കത്തോലിക്കാ യുവജനങ്ങൾക്കു തന്നെയാണ്.

മാതാപിതാക്കൾ നല്കുന്ന ആത്മീയ, ഭൗതിക സുരക്ഷിതത്വത്തിലും വിശ്വാസം പരിപോഷിപ്പിക്കപ്പെടുന്ന ഇടവക സംവിധാനത്തിലും നിന്നു നമ്മുടെ യുവജനങ്ങൾ പല സ്ഥലങ്ങളിലേക്ക് പഠനത്തിനും ജോലിക്കുമായി പോകുമ്പോൾ അവിടെ അവർക്ക് വിശ്വാസത്തിനും ധാർമ്മികതയ്ക്കും ചേർന്ന സാഹചര്യമുണ്ടെന്ന് മാതാപിതാക്കൾ ഉറപ്പുവരുത്തണം. ദൃശ്യശ്രാവ്യമാധ്യമങ്ങളുടെ മാസ്മരികതയിലേക്കും ഇന്റർനെറ്റിലെ നല്ല അറിവിന്റെ പരിധികൾക്കപ്പുറത്തുള്ള അനന്തസാദ്ധ്യതകളിലേക്കും അനേകം മറ്റു കൗതുകങ്ങളിലേക്കും നിരീശ്വരപ്രസ്ഥാനങ്ങളിലേക്കും അധാർമ്മികപ്രവർത്തനങ്ങളിലേക്കും മദ്യ- മയക്കുമരുന്നുകളിലേക്കും ആകൃഷ്ടരായി വിശ്വാസത്തിൽ ഇടർച്ചയുണ്ടാകാനും ജീവിതം താളം തെറ്റാനുമുള്ള സാഹചര്യങ്ങൾ ഇന്ന് വളരെയേറെയുണ്ട്. അപ്പോൾ നമ്മുടെ യുവജനങ്ങളെ കത്തോലിക്കാവിശ്വാസസമൂഹവുമായി ബന്ധപ്പെടുത്തി നിറുത്താൻ ശ്രദ്ധിക്കുന്നതിന്റെ ആവശ്യകത കൂടുതൽ വ്യക്തമാകുകയാണ്.

സാമൂഹികമായ മാറ്റം ഉൾക്കൊണ്ട് കത്തോലിക്കായുവജനസംഘടനകളുടെ പ്രവർത്തനം കൂടുതൽ സജീവമാക്കണം. സഭയുടെ ഔദ്യോഗിക യുവജനസംഘടനയായ കെ.സി.വൈ.എം. പോലുള്ള

യുവജനസംഘടനകൾ ഓരോ ഇടവകയിലും എല്ലാ യുവജനങ്ങളെയും ഉൾക്കൊള്ളത്തക്കവിധം കൂടുതൽ പ്രവർത്തനക്ഷമമാവുകയും വേണം. മാതാപിതാക്കൾ മക്കളെ നമ്മുടെ യുവജനപ്രസ്ഥാനങ്ങളിൽ അംഗങ്ങളാക്കുന്നതിൽ തത്പരരാകണം. ഇടവക, ഫൊറോന, രൂപത, സംസ്ഥാനതലത്തിൽ യുവജനങ്ങൾക്ക് അവധിക്കാല വിശ്വാസപരിശീലന ക്യാമ്പുകളും സംഗമങ്ങളും സംഘടിപ്പിക്കേണ്ടതാണ്. യുവജനങ്ങൾ തങ്ങളുടെ ബുദ്ധിയും സമ്പത്തും സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി പങ്കുവയ്ക്കാനുതകുന്ന പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കേണ്ടത്. ഇടവകതലത്തിൽ യുവജനമതബോധനം, യുവജനധ്യാനങ്ങൾ, പ്രാർത്ഥനാസമ്മേളനങ്ങൾ എന്നിവ സംഘടിപ്പിക്കണം. കുമ്പസാരിക്കാനും ദിവ്യകാരുണ്യം സ്വീകരിക്കാനും യുവജനങ്ങളെ പ്രോത്സാഹിപ്പിക്കണം. വഴിതെറ്റാതിരിക്കാനും ഇനി വഴിതെറ്റാനിടയായാൽ തിരിച്ചുവരാനും അതു സഹായിക്കുമല്ലോ. വൈയക്തികവും സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവും ആത്മീയവുമായ രൂപീകരണത്തിലൂടെ യുവജനങ്ങളുടെ ശക്തീകരണം നടക്കണം. യു.എൻ.ഒ. യുവജനവർഷമായി ആചരിക്കുന്ന പശ്ചാത്തലത്തിൽ യുവജനങ്ങൾ തങ്ങളെത്തന്നെയും തങ്ങളുടെ കഴിവുകളെയും അറിഞ്ഞ് പരിപോഷിപ്പിക്കാനും പക്വതയുള്ള വ്യക്തികളായി ഉത്തരവാദിത്വത്തോടെ ജീവിക്കാനും വേണ്ടതൊക്കെ മുതിർന്ന തലമുറ അവർക്ക് ഒരുക്കിക്കൊടുക്കാൻ സന്നദ്ധരാകേണ്ടതുമാണ്.

